## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2620** **13.03.2020 ൽ മറുപടിക്ക്**

### സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം

| ചോദ്യം<br>ശ്രീ.ഒ. രാജഗോപാൽ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡമെന്തെന്ന് അറിയിക്കാമോ; | (എ) സർക്കാർ ജീവനക്കാർക്ക് അവർ ജോലി ചെയ്തുവരുന്ന കാര്യാലയത്തിന്റെ 20 കി.മീ ചുറ്റളവിൽ സ്വന്തമായി വീട് ഇല്ലാത്ത പക്ഷം അവർ ജോലി ചെയ്ത് വരുന്ന കാര്യാലയം മുഖേന രജിസ്റ്റർ ചെയ്ത് സീനിയോറിറ്റി പ്രകാരം ക്വാർട്ടേഴ്സ് അനുവദിച്ച് നൽകുന്നതാണ്. 2006 ലെ റൂൾസ് ഫോർ അലോട്ട്മെന്റ് ആന്റ് ഒക്യുപ്പേഷൻ ഓഫ് ഗവണ്മെന്റ് സർവന്റ്സ് ക്വാർട്ടേഴ്സ്, റിവൈസ്ഡ് പി.ഡബ്യു.ഡി മാനുവൽ 2012 ലെ para 2808-ൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം Appendix 2800 c-ലെ നിയമങ്ങൾ എന്നിവ അനുസരിച്ച് അതത് ജില്ലാകളക്ടറാണ് ക്വാർട്ടേഴ്സ് അനുവദിക്കുന്നത്. |
| (ബി) ഏതു വർഷം വരെ രജിസ്റ്റർ ചെയ്തവർക്കാണ് ഇപ്പോൾ സീനിയോറിറ്റി പ്രകാരം ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) സീനിയോറിറ്റി മറികടന്ന് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ഇല്ല, 2006 ലെ റൂൾസ് ഫോർ അലോട്ട്മെന്റ് ആന്റ് ഒക്യുപ്പേഷൻ ഓഫ് ഗവണ്മെന്റ് സർവന്റ്സ് ക്വാർട്ടേഴ്സ്, ചട്ടം 10 പ്രകാരം തിരുവനന്തപുരം ജില്ലയിലെ നിശ്ചിത എണ്ണം ക്വാർട്ടേഴ്സുകൾ മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് അനുവദിച്ച് വരുന്നു. കൂടാതെ പ്രസ്തുത ഉത്തരവിലെ ചട്ടം 32 ന്റെ അടിസ്ഥാനത്തിൽ പ്രത്യേക അനുമതി പ്രകാരം സർക്കാരിൽ നിന്നും ക്വാർട്ടേഴ്സ് അനുവദിക്കാറുണ്ട്. |

| | |
|---|---|
| (ഡി) കൂടുതൽ ക്വാർട്ടേഴ്സുകൾ നിർമ്മിച്ച് സർക്കാർ ഉദ്യോഗസ്ഥരുടെ താമസസൗകര്യം കൂടുതൽ മെച്ചപ്പെടുത്തുവാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ? | (ഡി) ഈ സർക്കാരിന്റെ കാലത്ത് 21 ക്വാർട്ടേഴ്സുകൾക്കായി 3345.02 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തികൾ പുരോഗമിക്കുന്നു. തിരുവനന്തപുരത്ത് സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി 599 ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

### 1. തിരുവനന്തപുരം

സീനിയോറിറ്റി പ്രകാരം ജനറൽ വിഭാഗത്തിന് 2003 വരെയും, പട്ടികജാതി/ പട്ടികവർഗ്ഗം വിഭാഗത്തിന് 2007 വരെയും, ഭിന്നശേഷി വിഭാഗത്തിന് 2007 വരെയും, മിശ്രവിവാഹിതർ വിഭാഗത്തിന് 2008 വരെയും വിമുക്തഭടൻ വിഭാഗത്തിന് 2010 വരെയും, ജവാന്റെ ഭാര്യാ വിഭാഗത്തിന് 2010 വരെയും അനുവദിച്ചു.

### 2. കൊല്ലം

നോൺപ്രൈയോറിറ്റി എഫ് ടൈപ്പ് വിഭാഗത്തിൽ 2011 ൽ രജിസ്റ്റർ ചെയ്തവർക്കും ജി ടൈപ്പിൽ ജനറൽ 2012, പിഎച്ച്2012, എസ്.റ്റി-2014 വരെ രജിസ്റ്റർ ചെയ്തവർക്കാണ് സീനിയോറിറ്റി പ്രകാരം അനുവദിക്കുന്നത്.

### 3. പത്തനംതിട്ട

21.03.2007 വരെ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ബി ക്വാർട്ടേഴ്സും, 27.03.2019 വരെ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് സി ക്വാർട്ടേഴ്സും അനുവദിച്ചിട്ടുള്ളതാണ്.

### 4 ആലപ്പുഴ

ടൈപ്പ് 1 ക്വാർട്ടേഴ്സ് 11/2014 വരെയും, ടൈപ്പ് 2 ക്വാർട്ടേഴ്സ് 10/2000 വരെയും, ടൈപ്പ് 3 ക്വാർട്ടേഴ്സ് 2006 വരെയും, ടൈപ്പ് 4 ക്വാർട്ടേഴ്സ് 2008 വരെയും അപേക്ഷ സമർപ്പിച്ചവർക്ക് അനുവദിച്ചിട്ടുണ്ട്.

### 5. കോട്ടയം

16500-39500 വരെ ശമ്പള സ്കെയിൽ ഉള്ളവർക്ക് 2016 വരെയും, 18000-59400 വരെ ശമ്പള സ്കെയിൽ ഉള്ളവർക്ക് 2006 വരെയും, 29200-68700 വരെ ശമ്പള സ്കെയിൽ ഉള്ളവർക്ക് 2009 വരെയും, 35,000 ന മുകളിൽ ശമ്പള സ്കെയിൽ ഉള്ളവർക്ക് 2014 വരെയും ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ട്.

### 6. ഇടുക്കി

ജില്ലയിൽ സി ടൈപ്പ് ക്വാർട്ടേഴ്സ് ലഭിക്കുന്നതിന് 07/07/2018 വരെയുള്ള അപേക്ഷകർക്കും, ഡി ടൈപ്പ് ക്വാർട്ടേഴ്സ് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ച 31/12/2019 വരെയുള്ള അപേക്ഷകർക്കും ഇ ടൈപ്പ് ക്വാർട്ടേഴ്സിന് 23/10/2019 വരെയുള്ള അപേക്ഷകർക്കും, എഫ് ടൈപ്പ് ക്വാർട്ടേഴ്സിന് 17/05/2019 വരെയുള്ള അപേക്ഷകർക്കും ക്വാർട്ടേഴ്സ് അനുവദിച്ചു നൽകിയിട്ടുണ്ട്.

### 7. എറണാകുളം

എറണാകുളം ജില്ലയിൽ തൃക്കാക്കര, ആലുവ, പെരുമ്പാവൂർ എന്നീ സ്ഥലങ്ങളിലെ സർക്കാർ ക്വാർട്ടേഴ്സുകളിൽ അപേക്ഷകരുടെ ശമ്പള സ്കെയിൽ അനുസരിച്ചു 1 ടൈപ്പ്, 2 ടൈപ്പ്, 3 ടൈപ്പ് 4 ടൈപ്പ് എന്നിങ്ങനെ നാലായി തിരിച്ചാണ് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നത്. ഇതിൽ തൃക്കാക്കരയിൽ മാത്രമാണ് 4 ക്വാർട്ടറുകൾ നിലവിലുള്ളത്.

- തൃക്കാക്കര 1 ടൈപ്പ് ക്വാർട്ടറുകൾ താമസയോഗ്യമല്ലാത്തതിനാൽ ഇപ്പോൾ അനുവദിച്ചു നൽകുന്നില്ല.
- തൃക്കാക്കര 2 ടൈപ്പ് ക്വാർട്ടേഴ്സിൽ ജനറൽ വിഭാഗത്തിൽ അവസാനമായി ക്വാർട്ടേഴ്സ് അനുവദിച്ചത് 2002 ൽ അപേക്ഷിച്ച വ്യക്തിക്കാണ്
- തൃക്കാക്കര 3 ടൈപ്പ് ക്വാർട്ടേഴ്സിൽ ജനറൽ വിഭാഗത്തിൽ അവസാനമായി ക്വാർട്ടേഴ്സ് അനുവദിച്ചത് 2011 ൽ അപേക്ഷിച്ച വ്യക്തിക്കാണ്.
- തൃക്കാക്കര 4 ടൈപ്പ് ക്വാർട്ടേഴ്സിൽ ജനറൽ വിഭാഗത്തിൽ അവസാനമായി ക്വാർട്ടേഴ്സ് അനുവദിച്ചത് 2018 ൽ അപേക്ഷിച്ച വ്യക്തിക്കാണ്.
- ആലുവ 1 ടൈപ്പ് ക്വാർട്ടേഴ്സിൽ ജനറൽ വിഭാഗത്തിൽ അവസാനമായി ക്വാർട്ടേഴ്സ് അനുവദിച്ചത് 2012 ൽ അപേക്ഷിച്ച വ്യക്തിക്കാണ്.
- ആലുവ 2 ടൈപ്പ് ക്വാർട്ടേഴ്സിൽ ജനറൽ വിഭാഗത്തിൽ അവസാനമായി ക്വാർട്ടേഴ്സ് അനുവദിച്ചത്

2006 ൽ അപേക്ഷിച്ച വ്യക്തിക്കാണ്.

- ആലുവ 3 ടൈപ്പ് ക്വാർട്ടേഴ്സിൽ ജനറൽ വിഭാഗത്തിൽ അവസാനമായി ക്വാർട്ടേഴ്സ് അനുവദിച്ചത് 2018 ൽ അപേക്ഷിച്ച വ്യക്തിക്കാണ്.
- പെരുമ്പാവൂർ 1 ടൈപ്പ് ക്വാർട്ടേഴ്സിൽ ജനറൽ വിഭാഗത്തിൽ അവസാനമായി ക്വാർട്ടേഴ്സ് അനുവദിച്ചത് 2018 ൽ അപേക്ഷിച്ച വ്യക്തിക്കാണ്.
- പെരുമ്പാവൂർ 2 ടൈപ്പ് ക്വാർട്ടേഴ്സിൽ ജനറൽ വിഭാഗത്തിൽ അവസാനമായി ക്വാർട്ടേഴ്സ് അനുവദിച്ചത് 2015 ൽ അപേക്ഷിച്ച വ്യക്തിക്കാണ്.
- പെരുമ്പാവൂർ 3 ടൈപ്പ് ക്വാർട്ടേഴ്സിൽ ജനറൽ വിഭാഗത്തിൽ അവസാനമായി ക്വാർട്ടേഴ്സ് അനുവദിച്ചത് 2011 ൽ അപേക്ഷിച്ച വ്യക്തിക്കാണ്.

**8.തൃശ്ശൂർ**

ക്വാർട്ടേഴ്സുകളെ 5 ടൈപ്പ് ആയി തിരിച്ചിട്ടുള്ളതും ടൈപ്പ്I അറ്റൻഡർമാർ, ടൈപ്പ് II ക്ലർക്ക്, ടൈപ്പ് III ഗസറ്റഡ്, ടൈപ്പ് IV ജില്ലാ ഓഫീസർമാർ, ടൈപ്പ് V Ear Mark ചെയ്ത ക്വാർട്ടേഴ്സുകൾ എന്നിങ്ങനെ തരം തിരിച്ചിട്ടുള്ളതും, അറ്റൻഡർമാർക്കുള്ള (ടൈപ്പ് I) ക്വാർട്ടേഴ്സുകൾ സീനിയോറിറ്റി പ്രകാരം 2013, ക്ലർക്കുമാർക്കുള്ള (ടൈപ്പ് II ) ക്വാർട്ടേഴ്സുകൾ സീനിയോറിറ്റി പ്രകാരം 2008, ഗസറ്റഡ് ഓഫീസർമാർക്കുള്ള (ടൈപ്പ് III ), ക്വാർട്ടേഴ്സുകൾ സീനിയോറിറ്റി പ്രകാരം 2015, ടൈപ്പ് IV ജില്ലാ ഓഫീസർമാർക്കുള്ള ക്വാർട്ടേഴ്സുകൾ സീനിയോറിറ്റി പ്രകാരം 2019 വരെയും അനുവദിച്ചിട്ടുള്ളതാണ്.

**9 പാലക്കാട്**

2017 ഫെബ്രുവരി മാസം വരെ രജിസ്റ്റർ ചെയ്തവർക്കാണ് ഇപ്പോൾ സീനിയോറിറ്റി പ്രകാരം ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടുള്ളത്.

**10.മലപ്പുറം**

| ക്വാർട്ടേഴ്സ് വിഭാഗം | മുൻഗണനാ വിഭാഗം | മുൻഗണനേതര വിഭാഗം |
|---|---|---|
| I | 2018 | 2015 |
| II | 2014 | 2012 |
| III | 2016 | 2014 |
| IV | 2019 | 2018 |
| V | 2019 | 2020 |

**11.കോഴിക്കോട്**

ടൈപ്പ് 1 വിഭാഗത്തിൽ 2015 ലെയും, ടൈപ്പ് 2 വിഭാഗത്തിൽ 2007 ലെയും, ടൈപ്പ് 3 വിഭാഗത്തിൽ 2010 ലെയും, ടൈപ്പ് 4,5 എന്നീ വിഭാഗങ്ങളിൽ നടപ്പുവർഷത്തെയും അപേക്ഷകളാണ് പരിഗണിച്ചുവരുന്നത്.

**12.വയനാട്**

| ടൈപ്പ് | കുപ്പാടി ക്വാർട്ടേഴ്സ് | കൽപ്പറ്റ / മുണ്ടേരി | അമ്പലവയൽ | മാനന്തവാടി |
|---|---|---|---|---|
| I | 2014 | 2012 | 2016 | 2014 |
| II | 2014 | 2010 | 2017 | 2019 |
| III | 2016 | 2014 | 2016 | 2011 |

**13. കണ്ണൂർ**

ബി.ടൈപ്പ് ക്വാർട്ടർ- 2011 വരെയും, സി ടൈപ്പ് ക്വാർട്ടർ - 2007 വരെയും, ഡി ടൈപ്പ് ക്വാർട്ടർ - 2009 വരെയും, ഇ ടൈപ്പ് ക്വാർട്ടർ- 2009 വരെയും, ഗസറ്റഡ് ക്വാർട്ടർ -2013 വരെയും അനുവദിച്ചിട്ടുണ്ട്.

**14. കാസറഗോഡ്**

ടൈപ്പ് 1 കാറ്റഗറിയിൽപ്പെട്ടത് 2017 വരെയും, ടൈപ്പ് 2 കാറ്റഗറിയിൽപ്പെട്ടത് 2012 വരെയും, ടൈപ്പ് 3 കാറ്റഗറിയിൽപ്പെട്ടത് 2018 വരെയും അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**